ഗവ: യു. പി. സ്കൂൾ തൃപ്പെരുന്തുറ

അക്കാദമിക മാസ്റ്റർപ്ലാൻ
2025-26

ആമുഖം

തുപ്പെരുമ്പുറ ഗവ. യു .പി സ്കൂളിൽ 2025-26 അധ്യയനവർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിദ്യാലയ വികസന മാർഗരേഖ (സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ) തയ്യാറാക്കുന്നതിനായി മെയ് 29 വ്യാഴം 2 PM ന കൂടിയ യോഗത്തിൽ എസ്.എം.സി ,എസ്.ആർ.ജി ,എസ്.എസ്.ജി പഞ്ചായത്ത് പ്രതിനിധികൾ, പൂർവ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

വിദ്യാഭ്യാസ അവകാശ നിയമം, നാഷണൽ കരിക്കുലം ഫ്രെയിം വർക്ക് ദേശീയപാഠ്യപദ്ധതി, പൊതുവിദ്യാലയ സംരക്ഷണ യജ്ഞം എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ചർച്ചകൾ നടന്നു.

വിദ്യാലയം മികവിന്റെ കേന്ദ്രം ആക്കി മാറ്റുന്നതിനും കുട്ടികളുടെ ശാരീരികവും,മാനസികവും ബൗദ്ധികവും വൈകാരികവുമായ വളർച്ചയ്ക്ക് അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം മാറേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടു.

സ്കൂളിൻറെ നിലവിലെ അവസ്ഥാ വിശകലനം നടത്തി പ്രശ്നങ്ങളും വെല്ലുവിളികളും കണ്ടെത്തി പൊതുലക്ഷ്യങ്ങൾ വിശകലനം ചെയ്തു.സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനു ആവശ്യമായ പ്രവർത്തന പരിപാടികളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് അക്കാദമികം, ഭൗതികം, സാമൂഹികം എന്നിങ്ങനെ മേഖലകൾ തിരിച്ച് സാമ്പത്തിക സ്രോതസ്സുകളും കണ്ടെത്തിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്	:ഗവൺമെൻറ് യുപി സ്കൂൾ തുപ്പെരുന്തുറ
UDISE കോഡ്	: 32110700105
സ്കൂൾ കോഡ്	:36274
വിദ്യാഭ്യാസ ജില്ല	:മാവേലിക്കര
വിദ്യാഭ്യാസ ഉപജില്ല	:മാവേലിക്കര
റവന്യൂ ജില്ല	:ആലപ്പുഴ
ബി .ആർ .സി	:മാവേലിക്കര
പഞ്ചായത്ത്	:ചെന്നിത്തല തുപെരുന്തുറ
നിയമസഭാ മണ്ഡലം	:ചെങ്ങന്നൂർ
താലൂക്ക്	:മാവേലിക്കര
വില്ലേജ്	:തുപ്പെരുന്തുറ
ഇ-മെയിൽ	:36274@alappuzha.gmail.com .

സ്റ്റാഫ്

ശ്രീലേഖ എം.ആർ (ഹെഡ്മിസ്ട്രസ്)

സന്തോഷ് .ആർ (അധ്യാപകൻ)

നിജ സിസിലി (അധ്യാപിക)

സജിത. എസ്. ആർ (അധ്യാപിക)

അരുണിമ .കെ (അധ്യാപിക)

രശ്മി .സി (അധ്യാപിക)

ശ്രീവിദ്യ .എസ്സ്.ഭട്ടതിരി (അധ്യാപിക)

റെജി ടി.വി (ഓഫീസ് അറ്റന്റന്റ്)

മിനി മോൾ .കെ (PTCM)

രാജമ്മ .പി.ജെ (ഉച്ചഭക്ഷണം)

AnyScanner

ഉള്ളടക്കം

1. സമഗ്ര ഗുണമേന്മ വിദ്യാലയ വികസന രേഖ
2. ആമുഖം - പൊതു ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. സ്കൂൾ - നിലവിലെ അവസ്ഥാ വിശകലനം
6. പ്രശ്നങ്ങൾ - വെല്ലുവിളികൾ
7. പദ്ധതി രൂപീകരണ പ്രക്രിയ
8. ലക്ഷ്യങ്ങൾ - വിഷയ സംബന്ധം - പ്രവർത്തനങ്ങൾ
9. ഉപസംഹാരം
10. മോണിറ്ററിംഗ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

സമഗ്ര ഗുണമേന്മാ വിദ്യാലയ വികസനരേഖ

കേരളത്തിലെ മുഴുവൻ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളേയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ട് അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ- രാഷ്ട്രീയ സാംസ്കാരിക- സന്നദ്ധ സംഘടന പ്രവർത്തകർ, സർക്കാർ - സർക്കാരിതര ഏജൻസികൾ, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾ ഇവരുടെ കൂട്ടായ്മയിലൂടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന കേരള സർക്കാരിന്റെ പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തെ ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ഭാഗമായി ഗവ. യു. പി. സ്കൂൾ തൃപ്പെരുന്തുറ വിദ്യാലയ വികസന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ശില്പശാലയിൽ, ബഹുജനങ്ങളുടെ കൂട്ടായ്മയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ കോർത്തിണക്കി പൊടു സമൂഹത്തിനു പുത്തനുണർവ്വ് നല്കുന്ന ഒരു കരട് വിദ്യാലയ വികസനപദ്ധതി രേഖ ഇവിടെ സമർപ്പിക്കുന്നു.

പൊതു ലക്ഷ്യങ്ങൾ

1. കുട്ടിയുടെ സമഗ്രവികസനം. (പഠനവിഷയങ്ങൾക്കൊപ്പം സർഗ്ഗപ്രമായ കഴിവുകളും)
2. അന്തരാഷ്ട്ര നിലവാരത്തിലെത്തിക്കാനാവശ്യമായ പഠനോപകരണങ്ങൾ ഉറപ്പുവരുത്തുക.
3. ഉന്നത നിലവാരത്തിലുള്ള പഠന നിലവാരം ഉരപ്പു വരുത്തുവാൻ മികച്ച അധ്യാപക പരിശീലനം.
4. പാഠ്യേതര മികവ് വർദ്ധിപ്പിക്കാൻ - (ഭൗതീക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക).
5. കാർഷീക സംസ്കാരം വളർത്തുക - ജൈവകൃഷി(ജൈവവൈവിധ്യപാർക്ക് ശലഭോദ്യാനം, നക്ഷത്രവനം...)
6. മാലിന്യ നിർമ്മാജ്ഞനം - ബയോഗ്യാസ് പ്ലാന്റ്, വളനിർമ്മാണ യൂണിറ്റ്.
7. ശുചിത്വം - വ്യത്തിയുള്ള ടോയ്ലറ്റുകൾ, വാഷിംഗ് ഏരിയ, പ്ലാസ്റ്റിക്ക് വിമുക്തം, വൃത്തിയുള്ള കാമ്പസ്.
8. കാമ്പസ് തന്നെ പാഠപുസ്തകം - ജൈവ വൈവിധ്യ ഉദ്യാനം, ശലഭോദ്യാനം, നക്ഷത്ര വനം, ഔഷധത്തോട്ടം.
9. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
10. നൈപുണിവികസനം.(തൊഴിലിലധിഷ്ഠിതം ജീവിത നൈപുണി, കരകൗശലം)
11. സ്കൂൾ വായനശാലകളും ലാബോറട്ടറികളും ആധുനീകവത്കരിക്കുക.
12. സ്കൂൾ കുട്ടികൽക്കു കൗൺസലിങ്ങ് സൗകര്യങ്ങൾ(മാതാപിതാക്കൾക്കും)
13. പ്രീ സ്കൂൾ സംവിധാനം വിപുലീകരിക്കും. High Tech ശിശുകേന്ദ്രീകൃതം, അധ്യാപക പരിശീലനം, കുട്ടികൾ ആർജ്ജിക്കേണ്ട കഴിവുകൾ ആർജ്ജിച്ചു എന്നുറപ്പ് വരുത്തുക
14. എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക (എല്ലാ ക്ലാസിലും ലൈബ്രറി, നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ.....etc).
15. ക്ലാസ് മുറികൾ ഹൈടെക്ക് ആക്കുക(ITഉപകരണങ്ങൾ, ഇന്റർനെറ്റ്)
16. ഭൗതീക മാനസിക സാംസ്കാരിക സൗകര്യങ്ങൾ - പാഠ്യേതര പ്രവർത്തനങ്ങൾ ഒരുക്കുക- കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം
17. ലഹരി വിരുദ്ധ മനോഭാവം വളർത്തുക
18. പ്ലാസ്റ്റിക്ക് മുക്ത മാലിന്യ മുക്ത കാമ്പസ് യഥാർത്ഥ്യമാക്കുക.
19. സ്കൂളും പരിസരവും ആകർഷമാക്കുക.

വിദ്യാലയ ചരിത്രം

ഏകദേശം 101 വർഷത്തോളം പഴക്കമുള്ള വിദ്യാലയമാണ് തൃപ്പെരുന്തുറ ഗവ. യു.പി. സ്കൂൾ ചില സുമനസ്സുകൾ സംഭാവന ചെയ്ത സ്ഥലത്താണ് ഈ സ്കൂൾ ആരംഭിച്ചത്. ആദ്യം സ്വകാര്യ സ്കൂളായി തുടങ്ങിയ ഈ വിദ്യാലയം പിന്നീട് എയ്ഡഡ് സ്കൂളായി മാറുകയും തുടർന്നു സർക്കാർ ഏറ്റെടുക്കുകയുമാണുണ്ടായത്.

കേരളനിയമ സഭയിലെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, ഇന്ത്യയിലെ കമ്പനികളുടെ രജിസ്ട്രാർ ശ്രീ. കൃഷ്ണമൂർത്തി, റിട്ട. അഡിഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ശ്രീ. ഗംഗാധരൻ, ന്യൂറോളജിസ്റ്റ് ഡോ. എ. അജയകുമാർ.... തുടങ്ങി രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പ്രമുഖരായവർ ഈ സ്കൂളിൽ ആദ്യാക്ഷരം കുറിച്ചവരാണ്.

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG) സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് (SSG) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC) ഗ്രാമപഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയവരുടെ സഹകരണത്തോടെ ഈ യാത്ര മുന്നേറ്റത്തിന്റെ പാതയിലാണ് ഇന്നലെകളുടെ നഷ്ടപ്പെട്ട മൂല്യങ്ങളും സമ്പന്നമായ നമ്മുടെ സംസ്കാരവും ഇന്നിന്റെ ശാസ്ത്രനേട്ടങ്ങളും കൂടിച്ചേർന്ന പുത്തൻ സമൂഹത്തെ വാർത്തെടുക്കുവാനുള്ള ശ്രമത്തിലാണ് ഇവിടുത്തെ അധ്യാപകരും രക്ഷിതാക്കളും.

2014 ജൂൺ മുതൽ SMC ആഭിമുഖ്യത്തിൽ പ്രീപ്രൈമറി ആരംഭിച്ചു. പ്രീപ്രൈമറി ആരംഭിച്ചതോടെ സ്കൂളിലെ കുട്ടികളുടെ എണ്ണം പൊതുവെ വർദ്ധിച്ചുവരുന്നുണ്ട്. കൂടാതെ 2015-ൽ ശ്രീ. രമേശ് ചെന്നിത്തലയുടെ ശുപാർശയോടെ എം. എൽ.എ ഫണ്ടിൽ നിന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് (എം.എൽ.എ) അനുവദിച്ച സ്കൂൾ വാൻ, കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനു സഹായിക്കുകയും എണ്ണം വർദ്ധിക്കുവാൻ കാരണമാവുകയും ചെയ്തിട്ടുണ്ട്.

സമൂഹത്തിന്റെ ഹൃദയസ്പന്ദനം അറിയുന്ന സഹജീവികളുടെ സന്തോഷത്തിലും സങ്കടത്തിലും ഉൾച്ചേരുന്ന, മുതിർന്നവരെ ബഹുമാനിക്കുന്ന മാതാപിതാക്കളെ സ്നേഹിക്കുന്ന,

ആരോഗ്യകരമായ ചിന്തിക്കുന്ന,പണക്കൊതിയും സ്വാർത്ഥ ചിന്തകളും തീണ്ടാത്ത ഒരു പുത്തൻ തലമുറയെ സ്വപ്നം കണ്ട കൊണ്ട് ,സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി,മാതൃ സംഗമം തുടങ്ങിയവ ഈ സ്കൂളിൻറെ പുരോഗതിക്ക് സർവ്വ പിന്തുണയും നൽകിപ്പോരുന്നു. SSA യിൽനിന്നും പഞ്ചായത്തിൽ നിന്നും നിരവധി സഹായങ്ങൾ ഈ സ്കൂളിന് ലഭിക്കുന്നുണ്ട്.സ്കൂളിൻറെ ഭൗതിക സൗകര്യങ്ങൾ മുമ്പത്തെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ട്. അക്കാദമിക നിലവാരം ഉയർത്തുന്നതിൽ ഈ സഹായം ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്.

അവസ്ഥാ വിശകലനം

സ്കൂൾ കെട്ടിടം :-മൂന്നു സ്കൂൾ കെട്ടിടങ്ങൾ ഉണ്ട്.ഒന്ന് ഓടിട്ടതും ഒരെണ്ണം അലൂമിനിയം ഷീറ്റ് മേഞ്ഞതും ആണ്.ഒരെണ്ണം ഹൈടെക് ആയ നാല് ക്ലാസ് മുറികളും ഓഫീസ് മുറിയും ആണ്.മെയിൻ ഹാളിന്റെയും ഷീറ്റ് കെട്ടിടത്തിന്റെയും തറ ടൈൽ പാകിയിട്ടുണ്ട്.

സ്കൂൾ കോമ്പൗണ്ട് (ചുറ്റുമതിൽ):- 129.92 സെൻറ് സ്ഥലം ആണുള്ളത്. പൂർണ്ണമായും ചുറ്റുമതിൽ ഉണ്ട്. കോമ്പൗണ്ടിൽ ധാരാളം വൻ വൃക്ഷങ്ങൾ ഉണ്ട്.സ്കൂൾ കോമ്പൗണ്ടിൽ മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നു.

ക്ലാസ് മുറികൾ :-ആവശ്യമായ ബെഞ്ചുകൾ, ഡെസ്കുകൾ ഉണ്ട്.എല്ലാ ക്ലാസിലും വൈറ്റ് ബോർഡ് ഉണ്ട്.

ലാബോറട്ടറി :

സയൻസ് ലാബ്: സയൻസ് ലാബിന് പ്രത്യേക സൗകര്യം ഉണ്ട്.

ഗണിത ലാബ്: - ഗണിതലാബിന് പ്രത്യേക സൗകര്യം ഉണ്ട്.

കമ്പ്യൂട്ടർ ലാബ്:- ആധുനിക സൗകര്യങ്ങളോടു കൂടിയ കമ്പ്യൂട്ടർ ലാബ് ഉണ്ട്.ലാബിൽ ആവശ്യത്തിന് ലാപ്ടോപ്പ്,കമ്പ്യൂട്ടർ ഇവ ഇല്ല.

ലൈബ്രറി :- ലൈബ്രറിക്ക് പ്രത്യേകം ക്രമീകരിച്ച മുറിയോവായനയ്ക്ക് ആവശ്യമായ സൗകര്യങ്ങളോ ഇല്ല.ഇവ ക്ലാസ് മുറിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്.

പാചകപ്പുര :-പാചകപ്പുരയുണ്ട്.വൈദ്യുതികരിച്ചിട്ടില്ല.

ഭക്ഷണശാല :-കുട്ടികൾക്ക് ഇരുന്നു ഭക്ഷണം കഴിക്കാൻ പ്രത്യേക ഹാൾ ഉണ്ട്.

വാഷിംഗ് ഏരിയ :-കുട്ടികൾക്ക് കൈ കഴുകാൻ പൈപ്പുകൾ ഉണ്ട്.മികച്ച വാഷിംഗ് ഏരിയ ആണ് ഉള്ളത്.

ശുചിമുറികൾ:- ശുചിമുറികൾ ആവശ്യത്തിനുണ്ട്.ഗേൾസ് ഫ്രണ്ട്ലി , അഡാപ്റ്റഡ്ടോയ്ലറ്റ് ഇവയുണ്ട്.

സ്കൂൾ വാഹനം :-എംഎൽഎ ഫണ്ടിൽ നിന്ന് ലഭിച്ച സ്കൂൾ വാൻ ഉണ്ട്.

റിക്രിയേഷൻ ഗാർഡൻ :- കുട്ടികളുടെ മാനസികോല്ലാസത്തിനും ശാരീരിക ഉന്മേഷത്തിനുമായി ടീച്ചേഴ്സ് നിർമിച്ച ഊഞ്ഞാൽ , റോളിംഗ് ചെയർ ,സീസോ എന്നിവയ്ക്ക് ചെറിയ അറ്റകുറ്റ പണികൾ നടത്തേണ്ടതുണ്ട്.

ഔഷധത്തോട്ടം:-ഔഷധ ചെടികളും മരങ്ങളും ഉൾപ്പെട്ട ചെറിയ ഔഷധത്തോട്ടമുണ്ട്.

ജൈവ പച്ചക്കറിത്തോട്ടം:-ഹരിത കേരളത്തിൻറെ ഭാഗമായി കൃഷിഭവനുമായി സഹകരിച്ച് ഒരു ചെറിയ പച്ചക്കറിത്തോട്ടം ഉണ്ട്.

മിയാവാക്കി വനവൽക്കരണം:-

മാവേലിക്കര ബ്ലോക്കിന്റെ പൂർണ ധനസഹായത്തോടു കൂടി മിയാവാക്കി വനവൽക്കരണ പദ്ധതി നടപ്പിലാക്കി.

പ്രശ്നങ്ങളും വെല്ലുവിളികളും

1. സാമൂഹ്യ പങ്കാളിത്തം കുറവ്.

2. അൺ എയ്ഡഡ് സ്കൂളുകളുടെ അതിപ്രസരം.

3 . അധ്യാപകരുടെ ഒഴിവുകൾ കൃത്യസമയത്ത് നികത്താതിരിക്കൽ.

4. കമ്പ്യൂട്ടറുകളുടെ അപര്യാപ്തത.

5. സാമ്പത്തിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പഠിക്കാനുള്ളതാണ് ഈ വിദ്യാലയം എന്ന മിഥ്യാധാരണ .

6 . കൃത്യമായി സ്കൂൾ വണ്ടി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തത .

7 . കുട്ടിയുടെ വീട്ടിലെ മികച്ച പഠനാന്തരീക്ഷത്തിന്റെകുറവ്.

8. കുട്ടികളുടെ കഴിവുകൾ, മികവുകൾ ഡോക്യുമെന്റ് ചെയ്യുന്നതിനും, അത് സമൂഹത്തെ ബോധ്യപ്പെടുത്താനും കഴിയാത്തത്.

9. എത്ര വൃത്തിയാക്കിയാലും വൃത്തിയാവാത്ത സ്കൂൾ പരിസരം.

10. പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുക പ്രയാസമായതിനാൽ പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടി വരുന്നത്

11.ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും, ഫണ്ടിങ്ങും സ്റ്റാഫ് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ട അവസ്ഥ.

12.പ്രീ പ്രൈമറിക്ക് അംഗീകാരം നൽകാത്തതും ഒരു പ്രത്യേക കെട്ടിടം ഇല്ലാത്തതും.

13.ഉച്ചഭക്ഷണത്തിൽ സന്നദ്ധസംഘടനകളുടെപങ്കാളിത്തമില്ലായ്മ.

14.മികച്ച ലൈബ്രറിയുടെ അഭാവം.

മേഖല: ഭൗതികം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
ജലസംരക്ഷണ വിതരണ സംവിധാന ങ്ങൾ	-കിണറിന് ആഴം കൂട്ടൽ -മഴവെള്ള സംഭരണി -എല്ലാ കെട്ടിടങ്ങളിലും കുടിവെള്ളം ലഭ്യത -കുടിവെള്ള വിതരണത്തിനുള്ള ക്രമീകരണം		HM വാർഡ് മെമ്പർ SMC ചെയർമാൻ ഗ്രാമപഞ്ചായത്ത് RS 15000/	ഗ്രാമപഞ്ചായത്ത് RS 15,000/
പോഷകാഹാര വിതരണം	-ബയോഗ്യാസ് പ്ലാന്റ് -ആധുനിക സൗകര്യമുള്ള സ്റ്റോർ മുറി -പ്രഭാതഭക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് നൽകൽ -വ്യക്തിഗതമായ ആഘോഷങ്ങളെ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധിപ്പിക്കൽ -നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഭക്ഷണത്തിന് ഉപയോഗപ്പെടുത്തൽ	ജൂൺ - മാർച്ച്	SRG SMC പ്രഥമാധ്യാപിക	ഗ്രാമ പഞ്ചായത്ത് Rs 1,00,000 /- സ്പോൺസർഷിപ്പ് പ്രഥമാധ്യാപിക
കായികശേഷി വികസനം (കർമ്മോത്സുകത)	-നിലവിലുള്ള കളിസ്ഥലത്ത് പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ -വ്യത്യസ്ത ഗെയിമുകൾ നടത്തുന്നതിന് ആവശ്യമായ കോർട്ടുകൾ നിർമ്മിക്കൽ *ഷട്ടിൽ കോർട്ട് *വോളിബോൾ കോർട്ട്	2018-	ഗ്രാമ പഞ്ചായത്ത്	Rs 5,00,000 /-

	*പിച്ചുകൾ *ട്രാക്കുകൾ ഇൻഡോർ, ഔട്ട്ഡോർ ഗെയിമിന് ആവശ്യമായ കളിയുപകരണങ്ങൾ വാങ്ങൽ - പരിശീലകരെ സ്പോൺസർ ചെയ്യൽ (സ്പോൺസർമാരെ കണ്ടെത്തൽ) -കായിക പരിശീലന ക്യാമ്പുകൾ - കരാട്ടെ, യോഗ ക്ലാസ്സുകൾ (ആഴ്ചയിൽ ഒരു ദിവസം) - കായികരംഗത്ത് പ്രശസ്തരായ ആളുകളെ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ. - ടൂർണമെന്റ് സംഘടിപ്പിക്കൽ - * ചെസ് - * വോളിബോൾ - *കബടി - * ഷട്ടിൽ - * ഫുട്ബോൾ - * നാടൻ കളികൾ	ജൂൺ മുതൽ ജൂൺ മുതൽ	S.R.G S.M.C S.M.C S.R.G S.R.G S.M.C	ഗ്രാമ പഞ്ചായത്ത് സ്പോൺസർഷിപ്പ് ഗ്രാമ പഞ്ചായത്ത് സ്പോൺസർഷിപ്പ് ഗ്രാമ പഞ്ചായത്ത് S.M.C
ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികൾ	- മൾട്ടിമീഡിയ സൗകര്യം എല്ലാ ക്ലാസ് മുറികളിലും *എൽ.സി.ഡി. പ്രൊജക്ടർ *ഇന്ററാക്ടീവ് ബോർഡ് * വൈഫൈ സൗകര്യം *പ്രവർത്തനങ്ങൾ റിക്കോർഡ് ചെയ്യുന്നതിനുള്ള	3 വർഷം	ഗ്രാമ പഞ്ചായത്ത് എം.പി ഫണ്ട്	30 ലക്ഷം

	സഹകര്യം. സൗണ്ട് സിസ്റ്റം സ്മാർട്ട് ക്ലാസ് റൂമുകൾ *മുടക്കമില്ലാത്ത വൈദ്യുതി ലഭ്യത ജനറേറ്റർ സോളാർ --ക്ലാസ് റും ലൈബ്രറി			
സ്കൂൾ അന്തരീക്ഷം മനോഹരമാക്കൽ	- സ്കൂൾ വളപ്പിലെ മരങ്ങൾക്ക് ചുറ്റും ഇറന്ന ക്ലാസ് മുറികൾ നിർമ്മിക്കൽ (വർഷം ഓരോ മരങ്ങൾ) - - പുന്തോട്ട നിർമ്മാണം -ചെടിച്ചട്ടികൾ,ചെടികൾ,വളം,കൃഷി ഉപകരണങ്ങൾ ശേഖരിക്കൽ. - തികച്ചു ഒരു പാർക്ക് (കുട്ടികളുടെ പാർക്ക്) പഞ്ചായത്തിലെ എല്ലാവർക്കും ഒഴിവ് സമയം ചെലവഴിക്കാൻ പറ്റിയ തരത്തിലുള്ളത്	ജൂൺ മുതൽ ജൂൺ മുതൽ ജൂൺ മുതൽ ജൂൺ മുതൽ	S.M.C H.M S.M.C S.M.C S.M.C വാർഡ് മെമ്പർ	ഗ്രാമ പഞ്ചായത്ത് സ്പോൺസർഷിപ്പ് ഗ്രാമ പഞ്ചായത്ത് സ്പോൺസർഷിപ്പ് 25 ലക്ഷം ഗ്രാമ പഞ്ചായത്ത്

സവിശേഷ ഇടങ്ങൾ	- സംഗീതം, നാടകം, ചിത്രകല തുടങ്ങിയ കലാപരിശീലനത്തിന് പ്രത്യേക ഇടങ്ങൾ	മുതൽ		ഗ്രാമപഞ്ചായത്ത്
	- ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഭാഷാ ലാബുകൾ	മുതൽ	S.R.G S.M.C	
	- കുട്ടികൾക്ക് വിശ്രമമുറി (A/c)	മുതൽ		ഗ്രാമപഞ്ചായത്ത്

അക്കാദമിക മാസ്റ്റർപ്ലാൻ-മലയാളം

ക്ര നമ്പർ	മേഖല	പ്രവർത്തനങ്ങൾ	കാലയളവ്	ചുമതല	സാമ്പത്തിക വിശകലനം
1	ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ	1. Pre-test. 2. അക്ഷരം ഉറപ്പിക്കൽ. 3. അടയാളം ഉറപ്പിക്കൽ. 4. അക്ഷരകാർഡ് നൽകൽ. 5. വാക്കുകൾ എഴുതിയ കാർഡ് 6. വാക്കുകൾ നിർമ്മിക്കുക. 7. വാക്യങ്ങൾ നിർമ്മിക്കുക. 8. ചിത്രം - അടിക്കുറിപ്പ്. 9. ചിത്രം - കഥപറയൽ. 10. ചിത്രം - കഥ എഴുതൽ. 11. കഥ - ബാക്കി എഴുതൽ 12. കഥാപുസ്തകം നൽകൽ. 13. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. 14. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടി പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.	ജൂൺ-ആഗസ്റ്റ് (3 മാസം)	മലയാളം ടീച്ചർ	
2	വായന (കുട്ടിയെ മികച്ച വായനക്കാരനാക്കുക.)	1. ക്ലാസ്സ് വായനാമൂല രൂപീകരിക്കൽ. 2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ. 3. സ്കൂൾ ലൈബ്രറി 4. നവീകരിക്കൽ. 5. വായനദിനവുമായി ബന്ധപ്പെട്ടത്തി വായനോത്സവം സംഘടിപ്പിക്കൽ. 6. പത്രവായന (വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ) 7. പുസ്തകചർച്ച	8 മാസം ജൂൺ- ജനുവരി	ക്ലാസ് ടീച്ചർ മലയാളം ടീച്ചർ വിദ്യാരംഗം കലാസാഹിത്യ വേദി.	

51

മികച്ച എഴുത്തുകാരനാക്കൽ	- എഴുത്ത് കൂട്ട രൂപീകരണം - വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ - പൊതുവേദിയിൽ സംസാരിക്കാനുള്ള കഴിവ് - വ്യക്തിഗത രചന, സംഘരചന - ആസ്വാദനക്കുറിപ്പ് - വിവരങ്ങൾ	6 മാസം	S.R.G.	
കൂടുതൽ ഉയരങ്ങളിലേക്ക്	15 സാഹിത്യകൃതികൾ വായിക്കുകയും കുറിപ്പുകൾ തയ്യാറാക്കി ക്ലാസ്സ് ലൈബ്രറിയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ബാലസാഹിത്യ വേദിയിൽ വായിച്ച കൃതികൾ ചർച്ച ചെയ്യുന്നു. **കൃതികൾ** 1. ടോട്ടോച്ചാൻ 2. രണ്ടാംമുഴം 3. ഒരു ദേശത്തിന്റെ കഥ 4. ഓടയിൽ നിന്ന് 5. പുള്ളിപ്പുലികളും വെള്ളിനക്ഷത്രവും 6. മഞ്ഞ് 7. ചെമ്മീൻ 8. ഖസാക്കിന്റെ ഇതിഹാസം 9. എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ 10. ഓടയിൽ നിന്ന് 11. ആടു ജീവിതം 12. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ 13. ഭൂമിയുടെ അവകാശികൾ 14. അഗ്നിച്ചിറകുകൾ	ജൂൺ - മാർച്ച്	ക്ലാസ്സ് അധ്യാപകൻ S.R.G.	

	15. സ്വാമി വിവേകാനന്ദൻ			
നാടകീകരണം	നാട്യ വിസ്മയം ഒരു ആശയത്തെ നാടകമാക്കി ആവിഷ്ക്കരിക്കുന്നു. (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) ഇതിലൂടെ തിരക്കഥ, രംഗസജ്ജീകരണം, സംഭാഷണം എന്നീ രൂപങ്ങൾ പരിചയപ്പെടാനും. മനസ്സിലാക്കാനും കഴിയുന്നു. ഒരു ടേമിൽ ഒന്നുവീതം മൂന്നുഭാഷകളിലും 3 വീതം നാടകം സജ്ജീകരിക്കുന്നു. ബാലസഭയിൽ അവതരണം	ടേം 1 3 നാടകങ്ങൾ ടേം 2 3 നാടകങ്ങൾ ടേം 3 3 നാടകങ്ങൾ	S.R.G / S.M.C	₹ 10000/- S.M.C, S.R.G സ്പോൺസർഷിപ്പ്
മാഗസിൻ	വായനക്കൂട്ടം, എഴുത്ത് കൂട്ടം എന്നിവയിൽ രൂപപ്പെട്ട സൃഷ്ടികൾ ഉൾപ്പെടുത്തി ഒരു മാഗസിൻ പുറത്തിറക്കുന്നു. രക്ഷിതാക്കളുടെയും അധ്യാപകരുടേയും സൃഷ്ടികളും ഉൾപ്പെടുത്താവുന്നതാണ്.	മാർച്ച് രണ്ടാംവാരം	S.R.G / S.M.C	₹ 15000/- സ്പോൺസറിംഗ്

മേഖല: അക്കാദമികം **ഉപമേഖല: ഇംഗ്ലീഷ്**

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
പദസമ്പത്ത് വർദ്ധിപ്പിക്കൽ	1. പ്രീ-ടെസ്റ്റ് 2. പരിചിതമായ ഇംഗ്ലീഷ് വാക്കുകൾ ലിസ്റ്റ് ചെയ്യുന്നു (loan words) 3. കൂടുതൽ ഇംഗ്ലീഷ് പദങ്ങൾ ലിസ്റ്റ് ചെയ്യുന്നു. ഡിക്ഷണറി നിർമ്മാണം 4. ദിവസേന ഒരു വാക്ക്-അർഥം, പ്രയോഗം -പഠിക്കുന്നു word mountain -ൽ പ്രദർശിപ്പിക്കുന്നു 5. വായനക്കാർഡ് നിർമ്മാണം 6. ICT സഹായത്തോടെ Rhymes പരിചയപ്പെടുത്തുന്നു 7. ടി. വി., റേഡിയോ ഇവയുടെ സഹായത്തോടെ വാർത്തകൾ കേൾപ്പിക്കുന്നു. 8. വിവിധ വിഭാഗത്തിലെ വാക്കുകൾ ലിസ്റ്റ് ചെയ്യുന്നു. Colour, Fruits, Vegetables, Vehicles animals, Birds, our things, family, flowers, Trees, Occupations, water bodies Parts of body, planets, Countries states Districts etc. Word Mountain -ൽ പ്രദർശിപ്പിക്കുന്നു 9. റോൾ-പ്ലേ-അവതരണം മികച്ചവ ബാലസഭയിലേക്ക് - അസംബ്ലി	ജൂൺ ആദ്യവാരം ജൂൺ-സെപ്റ്റംബർ	ക്ലാസ്സ് അധ്യാപിക	₹ 300/- S.R.G

ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കൽ	1. ആക്ഷൻ സോങ്ങ്, അവതരണം (ICT സഹായത്തോടെ ബാലസഭയിൽ) 2. ഇംഗ്ലീഷ് കവിത ആലാപനം ആഴ്ചയിൽ ഒരു കവിത (ബാലസഭ, അസംബ്ലി) 3. ആഴ്ചയിൽ ഒരു ഇംഗ്ലീഷ് അസംബ്ലി 4. ഇംഗ്ലീഷ് മാഗസിൻ നിർമ്മാണം. കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ പ്രിന്റ് ചെയ്ത് പുറത്തിറക്കുന്നു. 5. ഡ്രാമ ഒരു ടേമിൽ ഒന്ന് എന്ന കണക്കിൽ വർഷത്തിൽ മൂന്ന് ഡ്രാമ- ബാലസഭയിൽ, സ്കൂൾ അസംബ്ലിയിൽ വാർഷികത്തിൽ 6. ലൈബ്രറി എല്ലാ ക്ലാസ്സിലേക്കും ഓരോ ഇംഗ്ലീഷ് ലൈബ്രറി.	ഒക്ടോബർ-മാർച്ച് ഫെബ്രുവരി-മാർച്ച് ജൂൺ-മാർച്ച്	S.R.G. S.R.G. S.R.G, S.M.C	സ്പോൺസർഷിപ്പ് S.R.G. സ്പോൺസർഷിപ്പ്

മേഖല: അക്കാദമികം **ഉപമേഖല: ഗണിതശേഷി വികസനം**

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശ
എല്ലാം കുട്ടികൾക്കും പ്രായോഗിക ഗണിത ശേഷി വികസനം ഉറപ്പാക്കൽ - സംഖ്യകൾ തിരിച്ചറിയുന്നതിന് - സംഖ്യവായന/ എഴുത്ത് - സംഖ്യാബോധം - സ്ഥാനവില - പാറ്റേൺ - സങ്കലനം - വ്യവകലനം - ഗുണനം - ഹരണം - ഭിന്നസംഖ്യ (ചതുഷ് ക്രിയകൾ) - ദശാംശ സംഖ്യ (ചതുഷ്പ് ക്രിയകൾ) - രൂപങ്ങൾ - പരപ്പളവ്, ചുറ്റളവ്, വ്യാപ്തം - അളവുകൾ - ഗണിതപസിലുകൾ	1. പഠന നില കണ്ടെത്തൽ (പ്രീ ടെസ്റ്റ് ക്ലാസ് തലത്തിൽ)	ജൂൺ ആദ്യവാരം	ഗണിതാധ്യാപകൻ S.R.G.	₹ 500/- S.R.G.
	2. പരിമിതികൾ പരിഹരിക്കുന്നതിനും ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കലും ശേഖരണവും (ക്ലാസ് തലത്തിൽ)	ജൂൺ രണ്ടാംവാരം	ഗണിതാധ്യാപകൻ S.R.G.	
	3. സ്ഥാനവില പോക്കറ്റ് നിർമ്മാണം ഓരോ കുട്ടിയും നിർമ്മിക്കണം	ജൂൺ രണ്ടാംവാരം	ഗണിതാധ്യാപകൻ	Nil
	4. സംഖ്യകൾ കൂട്ടുകാർ കല്ലുകൾ, മഞ്ചാടി, ഈർക്കിൽ കളികൾ, സ്ഥാനവില പോക്കറ്റ് ഇവ ഉപയോഗിച്ച് പ്രവർത്തനങ്ങൾ - സംഖ്യാബോധം ഉറപ്പിക്കുന്നു. - 1 മുതൽ 10000 വരെ ഗണിത പസിലുകൾ	ജൂലൈ അവസാനം വരെ	S.R.G.	
	5. ചതുഷ്പ് ക്രിയകൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ - പ്രവർത്തനങ്ങൾ വിഭജിച്ച് നൽകൽ (അധ്യാപക ടീം) - വർക്ക് ഷീറ്റുകൾ - ഗണിതപസിലുകൾ - ജിയോ ബോർഡിന്റെ സഹായം	ആഗസ്റ്റ്	ക്ലാസ് അധ്യാപകൻ S.R.G.	

ഗുണന വസ്തുത മനസ്സിലാക്കുന്നതിന്	6. ഭിന്നസംഖ്യ Fraction Dise, Strips, കളികൾ, വർക്ക്ഷീറ്റ്, കഥ	സെപ്റ്റംബർ	ഗണിതാധ്യാപകൻ S.R.G.	
	7. ദശാംശസംഖ്യകൾ	ഒക്ടോബർ	ഗണിതാധ്യാപകൻ S.R.G.	Nil
	8. എല്ലാ കുട്ടികളും ജിയോ ബോർഡ് നിർമ്മിക്കുന്നു. - വസ്തുതകൾ കണ്ടെത്താൻ/ രേഖപ്പെടുത്തൽ - പട്ടികപ്പെടുത്തൽ	ജൂലൈ രണ്ടാംവാരം	രക്ഷിതാവ് കുട്ടി	30 രൂപ
	9. എല്ലാ കുട്ടികളും ഗുണന വസ്തുതാ ചാർട്ട് നിർമ്മാണം	ജൂലൈ അവസാനം	ഗണിതാധ്യാപകൻ	5 രൂപ ഒരു കുട്ടിക്ക് രക്ഷിതാവ്
	10. ഗണിത രൂപങ്ങൾ നിർമ്മാണം (സ്ടോ, തെർമോകോൾ, ഈർക്കിൽ, വാൾട്യൂബ്, പേപ്പർ, കാർഡ് ബോർഡ്, തടികഷണങ്ങൾ etc.... മുതലായവ ഉപയോഗിച്ച്) രൂപങ്ങൾ വരയ്ക്കൽ/ തിരിച്ചറിയൽ	ആഗസ്റ്റ്	ഗണിതാധ്യാപകൻ S.R.G. രക്ഷിതാവ്	
	11. വർക്ക്ഷീറ്റുകൾ വീട്ടിലേക്ക് ചതുഷ്ക്രിയകളുടങ്ങിയ പ്രശ്നങ്ങൾ- രക്ഷിതാവിന്റെ സഹായത്താൽ കുട്ടി ചെയ്ത് വരട്ടെ.	ജൂൺ -ഫെബ്രുവരി	S.R.G.	₹ 2000/- S.R.G. S.M.C.

	12. ഒറിഗാമി. കാക്ക-മയിൽ-വിമാനം-മീൻ സഡാക്കോ.....etc.... നിർമ്മാണത്തിലൂടെ ചതു രം, ത്രികോണം, വൃത്തം, സമചതുരം പ്രത്യേകതകൾ മനസിലാക്കുന്നു	ആഗസ്റ്റ്- ഒക്ടോബർ	ഗണിതാധ്യാപകൻ	₹ 200/- S.R.G.
	13. ഗണിത മാഗസിൻ ഗണിത കൗതുകങ്ങൾ, ഗണിതശാസ്ത്ര ജ്ഞർ, പസിലുകൾ, രൂപങ്ങൾ, പാറ്റേൺ etc.... ഉൾപ്പെടുത്തി കൈയ്യെഴുത്ത് മാസിക	ഒക്ടോബർ	ക്ലാസ് അധ്യാപകൻ S.R.G.	₹ 500/- S.R.G.
	<u>CPTA</u> - മികവ് രക്ഷിതാക്കളുമായി പങ്ക് വയ്ക്കൽ - വിലയിരുത്തൽ ചർച്ച - രക്ഷിതാവിന്റെ അഭിപ്രായം രേഖപ്പെടുത്തൽ - കുട്ടിയുടെ വിലയിരുത്തൽ - അധ്യാപകന്റെ വിലയിരുത്തൽ	നവംബർ	ഗണിതാധ്യാപകൻ S.R.G.	

മേഖല: അക്കാദമികം **ഉപമേഖല: ശാസ്ത്രപഠനം**

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
കുട്ടികളിൽ ശാസ്ത്രാവബോധവും ഗവേഷണാത്മക ചിന്തയും വളർത്തുന്നതിനായി പരീക്ഷണങ്ങളുടെ ലോകത്തേക്ക് എല്ലാ കുട്ടികളേയും പിടിച്ച് ഉയർത്തുക	* 1 മുതൽ 7 വരെ പഠനത്തിന് ആവശ്യമായ പരീക്ഷണങ്ങൾ പാഠപുസ്തകത്തിൽ നിന്നും ലിസ്റ്റു ചെയ്യൽ * ഉൾക്കൊള്ളിക്കേണ്ട മറ്റു പരീക്ഷണങ്ങൾ ലിസ്റ്റു ചെയ്യൽ	ജൂൺ ആദ്യവാരം	ഓരോ ക്ലാസിലെ അധ്യാപക ടീം	ലാബ് ആവശ്യമില്ല
	* തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ	ജൂൺ രണ്ടാംവാരം	ഓരോ ക്ലാസിലെ അധ്യാപക ടീം	ലാബ് ആവശ്യമില്ല
	* സാമഗ്രികൾ വാങ്ങൽ	ജൂൺ അവസാനവാരം	S.R.G.	3000 രൂപ
	* ഓരോ മാസവും ചെയ്യേണ്ട പരീക്ഷണങ്ങൾ ലിസ്റ്റ് തയ്യാറാക്കൽ	ജൂൺ അവസാനവാരം	ക്ലാസ് ടീച്ചർ സയൻസ് അധ്യാപിക	
	* ഖരവസ്തുക്കളുടെ താപീയ വികാസം, നാരങ്ങയിൽ നിന്നും തീ * കാന്തമില്ലാത്ത മോട്ടോർ, ആണിയിൽ നിർത്താം * രസകരം ഫൗണ്ടൻ, വെള്ളത്തിലെ മെഴുകുതിരി	ജൂലൈ ആദ്യവാരം ജൂലൈ 2-ാം വാരം ജൂലൈ 3-ാം വാരം		

	* സുരക്ഷാബോട്ട്	ജൂലൈ 4-ാം വാരം		
	* ജനറേറ്റർ, ഫ്ളോട്ടിംഗ് കാൻസിൽ * ഫൈയിംഗ് ഫ്ളെയിം, സ്മോക്കിംഗ് കില്ലസ്	ആഗസ്റ്റ് ആദ്യവാരം ആഗസ്റ്റ് 2-ാംവാരം		
	* ജെറ്റ് കാർ, തെറിക്കാത്ത പന്ത്, ന്യൂട്ടൺ തൊട്ടിൽ * കുപ്പിക്കുള്ളിലെ ചുഴി, ജഡത്വം, ഫൗണ്ടെൻ * ബോട്ടിൽ ടർബൈൽ, ബോട്ടിൽ സ്പ്രിംഗ്ലർ	സെപ്തംബർ ആദ്യവാരം സെപ്തംബർ 2-ാംവാരം സെപ്തംബർ 4-ാംവാരം		
	* വെള്ളം തുപ്പും പൈപ്പ്, ഹോവർ ക്രാഫ്റ്റ്, ഹൈഡ്രോളിക് ജാക്കി * സിറിഞ്ചിലെ ബലൂൺ, മർദ്ദം കൊണ്ടൊരു മാജിക്, മർദ്ദ ജെ.സി.ബി. * ബലൂൺ ഫൗണ്ടെൻ, തൂളയ്ക്കാം ബലൂണിനെ * തീയിൽ ഉയർത്താം. ചെറിയവൻ ശക്തനോ.	ഒക്ടോബർ ആദ്യവാരം ഒക്ടോബർ 2-ാംവാരം ഒക്ടോബർ 3-ാംവാരം ഒക്ടോബർ 4-ാംവാരം	S.R.G.	
	* കുപ്പിയിലെ മായാജാലം, ഒഴിക്കാം കണ്ടെത്താം, എയർ ജാക്കി * കാന്തിക ടോർച്ച്, കറങ്ങും മോട്ടോർ * തിരിയുന്ന മനുഷ്യൻ, കുപ്പിയിലെ ചുഴി * സ്ട്രോ മാജിക്ക്	നവംബർ ആദ്യവാരം നവംബർ 2-ാംവാരം നവംബർ 3-ാംവാരം നവംബർ 4-ാംവാരം	S.R.G.	

	* പന്തിനെ ഉയർത്താം, ഊതാം ഉയർത്താം * താഴ്ത്താം ഉയർത്താം. ബലൂൺ പമ്പ്, ഡി.സി. മോട്ടോർ * ഫൈബർ ഒപ്റ്റിക്സ്, മാജിക് ബലൂൺ * ആവർത്തനരൂപം	ജനുവരി ആദ്യവാരം ജനുവരി 2-ാംവാരം ജനുവരി 3-ാംവാരം ജനുവരി 4-ാംവാരം	S.R.G.	
	* സ്പൂണിലെ മുത്ത് * നിങ്ങളെ ചേർക്കാം, പൊങ്ങാത്ത ബലൂൺ * വെള്ളത്തിനെ തിരിച്ചൊഴുക്കാമോ? * തിരിക്കാം രസിക്കാം	ഫെബ്രുവരി ആദ്യവാരം ഫെബ്രുവരി 2-ാംവാരം ഫെബ്രുവരി 3-ാംവാരം ഫെബ്രുവരി 4-ാംവാരം	S.R.G.	

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
സമൂഹത്തെ സ്കൂളിന്റെ മികവ് ബോധ്യപ്പെടുത്തൽ	പരീക്ഷണ ശില്പശാല പഞ്ചായത്തിലെ മറ്റ് അധ്യാപകർക്കും, കുട്ടികൾക്കും പങ്കെടുക്കുന്നതിനും, രക്ഷിതാക്കൾ, BRC ട്രെയിനേഴ്സ് എന്നിവരുടെ മുന്നിൽ കുട്ടികളുടെ പരീക്ഷണങ്ങൾ	ഫെബ്രുവരി അവസാനവാരം	H.M., S.R.G കൺവീനർ PEC കൺവീനർ, അധ്യാപകർ	5000 പഞ്ചായത്ത് SMC
ശാസ്ത്രാവബോധം ജനങ്ങളിലേക്ക്.....	പരീക്ഷണ മാഗസിൻ ഈ പരീക്ഷണങ്ങൾ മാത്രം ഉൾപ്പെടുത്തി ഒരു മാഗസിൻ പ്രിന്റ് ചെയ്ത് പുറത്തിറക്കുന്നു.	മാർച്ച് ആദ്യവാരം	H.M., S.R.G കൺവീനർ	15000 സ്പോൺസർഷിപ്പ്
	പതിപ്പ് പ്രകാശനം	മാർച്ച് 15-ന് മുമ്പ്	H.M., S.R.G കൺവീനർ	500 SMC
ശാസ്ത്രാഭിരുചി വളർത്തൽ	ചാന്ദ്ര പര്യവേക്ഷണ സിഡികൾ, ബഹിരാകാശ യാത്രകൾ, ശാസ്ത്ര സിനിമകൾ, ശാസ്ത്ര കൗതുകങ്ങൾ തുടങ്ങിയവയുടെ സി.ഡി. പ്രദർശനം	ജൂൺ-മാർച്ച് മാസത്തിൽ 2 പ്രദർശനങ്ങൾ	Science Teacher S.R.G.	Nil

മേഖല: സാമൂഹികം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
പൊതുവിദ്യാലയ സംരക്ഷണം	മാസത്തിൽ എല്ലാ ഒന്നാം തീയതിയും CPTA (ഒന്നാം തീയതി അവധിയായാൽ അടുത്ത പ്രവർത്തി ദിനം) -ഗ്രന്ഥശാലകൾ ക്ലബുകൾ സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വ വിദ്യാർത്ഥികൾ പൂർവാ അധ്യാപകർ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തൽ	2025 ജൂൺ മുതൽ	S.R.G പ്രഥമാധ്യാപിക S.R.G S.M.C പ്രഥമാധ്യാപിക	S.R.G S.R.G
വിഷ രഹിത പച്ചക്കറി കൃഷി	കുടുംബശ്രീ , SMC എന്നിവരുടെ പങ്കാളിത്തത്തോടെ	2025 ജൂൺ മുതൽ	ഗ്രാമ പഞ്ചായത്ത് കൃഷിഭവൻ	ഗ്രാമ പഞ്ചായത്ത് 10,000 /- രൂപ
ബോധവൽക്കരണ ക്ലാസുകൾ	രണ്ടുമാസത്തിലൊരിക്കൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ് ബോധവത്കരണ ക്ലാസ് എന്നിവ നടത്തുന്നു	2025 ജൂൺ മുതൽ	S.R.G S.M.C ക്ലബുകൾ	സ്പോൺസർഷിപ്പ് 5,000 /- രൂപ

ഒരു നേരം അധ്യാപകരും രക്ഷിതാവും കൂട്ടിയും	ഓണം ക്രിസ്മസ് വാർഷികം എന്നിങ്ങനെ വർഷത്തിൽ മൂന്ന് തവണ അധ്യാപകരും രക്ഷിതാവും കൂട്ടിയും ഒരുമിച്ച് ഭക്ഷണം കഴിക്കുന്നു	2025 ജൂൺ മുതൽ		S.R.G S.M.C 5,000 /- രൂപ
നാട്യ വിസ്മയം	ഒരു ആശയത്തെ നാടകമാക്കി ആവിഷ്കരിക്കുന്നു.തിരക്കഥ,രംഗ സജ്ജീകരണം,സംഭാഷണം ..... എന്നീ തലങ്ങൾ പരിചയപ്പെടുന്നു	3 മാസം(ഒരു ടേമിൽ ഒന്ന്)	S.R.G	3000 /- രൂപ
നാടൻ പാട്ട് ശില്പശാല	നാടൻ പാട്ട് ശില്പശാലകൾ സംഘടിപ്പിക്കുന്നു		S.R.G ,S.S.G	3,000 /- രൂപ
നടന മയൂരി	നൃത്തം പഠിക്കാൻ താല്പര്യമുള്ള കുട്ടികൾക്ക് നൃത്ത പരിശീലനം നൽകുന്നു	ഒരു വർഷം	S.M.C	10,000 /- രൂപ
നീന്തൽ കായിക പരിശീലനം കുട്ടികൾക്ക് മികച്ച കായിക	സ്കൂളിൽ ഒരു നീന്തൽ കുളം.പരിശീലനം നൽകാൻ ഇൻസ്ട്രക്ടർ കായിക പരിശീലനത്തിന്അവസരമൊരുക്കുന്നു. (ഷട്ടിൽ,ഫുട്ബോൾ,കബഡി പരിശീലനങ്ങൾ .....) മെഡിക്കൽ ക്യാമ്പുകൾ	5 വർഷം 7 വർഷം	ഗ്രാമ പഞ്ചായത്ത് ഗ്രാമ പഞ്ചായത്ത് എം.എൽ.എ. ഫണ്ട് ,എം.പി ഫണ്ട്	5,00,000 /- രൂപ

പരിശീലനത്തിന്അവസരമൊരുക്കുന്നു. (ഷട്ടിൽ,ഫുട്ബോൾ,കബഡി പരിശീലനങ്ങൾ .....)	അലോപ്പതി ആയുർവേദം ഹോമിയോപ്പതി			
മെഡിക്കൽ ക്യാമ്പുകൾ	അലോപ്പതി ആയുർവേദം ഹോമിയോപ്പതി	ജൂൺ - മാർച്ച്	S.R.G	സ്പോൺസർഷിപ്പ്

വിലയിരുത്തൽ (EXECUTION & MONITIRING)

അക്കാദമിക മാസ്റ്റർ പ്ലാൻ-സ്കൂൾതല മോണിറ്ററിംഗ് സമിതി

-പ്രസാദ് (S M C ചെയർമാൻ)

-നിമിത (M.P.T.A)

-നിഷാ സോജൻ (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ)

-വിനു .വി (വാർഡ് മെമ്പർ)

-രമ്യ (B.R.C കോർഡിനേറ്റർ)

-ശ്രീലേഖ എം.ആർ (ഹെഡ്മിസ്ട്രസ്)

-സന്തോഷ് .ആർ (S.R.G കൺവീനർ)

-വിജയകുമാർ (കലാപോഷിണി ഗ്രന്ഥശാല പ്രസിഡന്റ്)

-വേണു (കലാപോഷിണി ഗ്രന്ഥശാല സെക്രട്ടറി)

- അനന്തൻ (മുൻ S M C ചെയർമാൻ)

വിലയിരുത്തൽ സൂചകങ്ങൾ

അക്കാദമി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടോ?

പ്രവർത്തനങ്ങൾ എവിടെ വരെയായി (പുരോഗതി വിലയിരുത്തൽ)?

പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ?

പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ?

കുട്ടികളിൽ ആരോഗ്യം , കായികം , മാനസിക തലങ്ങളിൽ എന്ത് മാറ്റമാണ് ഉണ്ടായിരിക്കുന്നത്?

സാമൂഹിക പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ?

വിലയിരുത്തൽ കാലയളവ്

പ്രാരംഭം

മാസാന്ത്യ വിലയിരുത്തൽ (മാസത്തിലെ അവസാന പ്രവർത്തിദിനം)

വർഷാന്ത്യ വിലയിരുത്തൽ

ഉപസംഹാരം

2025 -2026 അക്കാദമിക വർഷത്തെ സമഗ്രമായ മാസ്റ്റർ പ്ലാൻ ആണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ അക്കാദമിക പ്രവർത്തനങ്ങളും ക്ലാസ് തലത്തിൽ ഓരോ കുട്ടിക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ ആസൂത്രണം ചെയ്യാവുന്ന രീതിയിൽ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസ്റ്റർ പ്ലാനിൽ മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരാവുന്നതാണ്. പുതിയ പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. കോവിഡാനന്തരം വിദ്യാലയത്തിലേക്ക് കടന്നുവരുന്ന കുട്ടികളുടെ അടിസ്ഥാന ശേഷിവികസനത്തിനും പുരോഗതിയ്ക്കും ഈ മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിച്ചുകൊള്ളുന്നു.